# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – ജീവനക്കാര്യം – ഓഡിറ്റ് ഓഫീസർ തസ്തികയിലേക്കുള്ള നിയമനവും സ്ഥലംമാറ്റവും – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നം. കെ.എസ്.എ.2/എസ്റ്റാ.1/2022 തീയതി: 02.04.2022

---

പരാമർശം:- (1) സ.ഉ(സാധാ)2604/2022/ധന, തീയതി 31.03.2022.

(2) ശ്രീമതി.വിധുബാല.സി.ജെ, ഓഡിറ്റ് ഓഫീസറുടെ 01.04.2022-ലെ സമർപ്പണം.

(3) ഡയറക്ടറുടെ 24.08.2021-ലെ ഡി.കെ.എസ്.എ.1737/എസ്റ്റാ.2/2021(1) നമ്പർ ഉത്തരവ്.

## ഉത്തരവ്

(1) കുസാറ്റ് ഓഡിറ്റ് കാര്യാലയത്തിലെ ഓഡിറ്റ് ഓഫീസറായിരിക്കെ ശ്രീമതി.വിധുബാല.സി.ജെ-യ്ക്ക് സൂചന(3) പ്രകാരം 01.09.2021 മുതൽ 31.03.2022 വരെ KSR പാർട്ട് 1 Appendix XII C പ്രകാരമുള്ള ശൂന്യവേതനാവധി നിബന്ധനകൾക്കു വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 31.03.2022-ൽ ശൂന്യവേതനാവധി തീർന്ന മുറയ്ക്ക് തിരികെ ജോലിയിൽ പ്രവേശിക്കണമെന്ന് സൂചന(2) പ്രകാരം ടിയാരി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സൂചന(1) പ്രകാരം ഓഡിറ്റ് ഓഫീസർമാർക്ക് ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ചതിനാൽ വകുപ്പിൽ ഓഡിറ്റ് ഓഫീസർമാരുടെ 2 ഒഴിവുകൾ ഉണ്ടായതിൽ ഒരു ഒഴിവിൽ **ശ്രീമതി.വിധുബാല.സി.ജെ യുടെ അപേക്ഷ പരിഗണിച്ച് ടിയാരിയെ കേരള സർവകലാശാല ഓഡിറ്റ് കാര്യാലയത്തിൽ** നിയമിച്ച് ഉത്തരവാകുന്നു.

**(2) ഓഡിറ്റ് ഓഫീസർ തസ്തികയിലെ സ്ഥലംമാറ്റം**

ശൂന്യവേതനാവധി കഴിഞ്ഞ് സർവ്വീസിൽ പ്രവേശിക്കാൻ അപേക്ഷ നൽകിയ ഓഡിറ്റ് ഓഫീസർ ശ്രീമതി.വിധുബാല.സി.ജെയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കേരള സർവകലാശാല ഓഡിറ്റ് കാര്യാലയത്തിൽ നിയമിച്ച ഉത്തരവിന്റെ ക്രമീകരണത്തിനായി ഭരണപരമായ കാരണങ്ങളാലും പൊതുസൗകര്യാർത്ഥവും, അപേക്ഷ പരിഗണിച്ചും താഴെപ്പറയുന്ന ഓഡിറ്റ് ഓഫീസർമാരെ അവരുടെ പേരിനു നേരെ സൂചിപ്പിച്ചിട്ടുള്ള കാര്യാലയത്തിലേയ്ക്ക് സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര് | നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ശ്രീ.ശങ്കര നാരായണ പിള്ള.എൻ | കേരള സർവകലാശാല ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം | കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം, കൊല്ലം | അപേക്ഷ |
| 2 | ശ്രീ.ഐസക് ജോൺ | കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം, കൊല്ലം | ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം | |
| 3 | ശ്രീ.ശശിജോഷ്. എ | ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം | ക്ഷേമനിധി ഓഡിറ്റ് കാര്യാലയം, കൊല്ലം | അപേക്ഷ |
| 4 | ശ്രീ.ഷിബു.ടി | എസ്.ഐ.ഇ.പി ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം | ട്രിഡ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം | |
| 5 | ശ്രീമതി.ജയകുമാരി. കെ.ആർ | ട്രിഡ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം | ഡയറക്ടറേറ്റ് | |
| 6 | ശ്രീ.പ്രദീപ്.ബി | ഡയറക്ടറേറ്റ് | എസ്.ഐ.ഇ.പി ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം | |

(ഒപ്പ്)

**ഡയറക്ടർ**

**ബന്ധപ്പെട്ട ജീവനക്കാർക്ക് (ഓഫീസ് മേധാവി മുഖാന്തിരം)**

**ബന്ധപ്പെട്ട ഓഫീസുകൾക്ക്**

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ജോയിന്റ് ഡയറക്ടർ/സീനിയർ ഡെപ്യൂട്ടി ഡയറക്ടർ/ ഡെപ്യൂട്ടി ഡയറക്ടർ (ഹെഡ് ഓഫീസ്)
3. എസ്റ്റാ.2, 3, അക്കൗണ്ട്സ്.1, എസ്.എസ് സെക്ഷനുകൾ
4. ഡയറക്ടറുടെ സി.എ
5. ഓഫീസ് കോപ്പി
6. സ്പെയർ കോപ്പി

**അംഗീകാരത്തോടെ**

**ഓഡിറ്റ് ഓഫീസർ**